**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 2813** — **12.10.2011-ൽ മറുപടിയ്ക്ക്**

# തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, പി. എ. മാധവൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ വന്ന വീഴ്ചയും അപാകതകളും തിരുത്തി കൂടുതൽ കുടുംബങ്ങൾക്ക് പദ്ധതി ഗുണകരമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | തൊഴിലുറപ്പ് പദ്ധതിയിൽ വന്ന വീഴ്ചയും അപാകതയും തിരുത്തി കൂടുതൽ കുടുംബങ്ങൾക്ക് പദ്ധതി ഗുണകരമാക്കുവാൻ വേണ്ടി താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1). ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും അടിസ്ഥാനത്തിൽ പ്രാദേശിക നിരക്കുകൾ നിർണ്ണയിക്കുന്നതിനുള്ള സമയഗതി (ടൈം & മോഷൻ) പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കുകളുടെ പൈലറ്റ് നിർവ്വഹണം നടന്നു വരുന്നു.<br>(2). വനാതിർത്തിക്കുള്ളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(3). പണിയായുധങ്ങൾ എ.ഡി.എസ്.-ൽ കൂടി തൊഴിലാളികൾക്ക് നൽകുന്ന മുൻകാല രീതിയിൽ നിന്നും വ്യത്യസ്തമായി തൊഴിലാളികൾക്ക് അവരുടെ തൊഴിലുപകരണങ്ങൾ പ്രവൃത്തി സ്ഥലത്ത് കൊണ്ടു വരാവുന്നതും അതിനുള്ള വാടക തൊഴിലാളികൾക്ക് നൽകുന്നതുമായ പുതിയ രീതി അവലംബിച്ചിട്ടുണ്ട്.<br>(4). പഞ്ചായത്ത് തയ്യാറാക്കുന്ന നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ചെറുകിട/ നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം, ജലസേചന സൗകര്യം, പഴം/പച്ചക്കറി കൃഷി എന്നിവ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

(5). തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിന് സാധന സാമഗ്രികൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

(6). കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കി ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയാസൂത്രണം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സമന്വയിപ്പിച്ചു ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട.

(7). തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റേയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണത്തിൽ അയൽകൂട്ടതലം മുതൽ ചർച്ചകൾ ആരംഭിക്കുന്നതിലൂടെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിലാളികളെ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.